# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3133  10.12.2018 ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ നാലുവരിപ്പാത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ .എ.നെല്ലിക്കുന്ന് | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് നാലുവരിപ്പാത കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; | എ) കാസർഗോഡ് ജില്ലയിൽ 86.8 കിലോമീറ്റർ ദൈർഘ്യത്തിലാണ് നാലുവരിപ്പാത കടന്നു പോകുന്നത്. |
| ബി) ഈ ദൈർഘ്യത്തിൽ നാലുവരിപ്പാത നിർമ്മാണത്തിനായി പൊളിച്ച് നീക്കേണ്ട എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ ഏത് ഗണത്തിൽ പെടുന്നതാണെന്നും വ്യക്തമാക്കാമോ; | ബി) നാലുവരിപ്പാത നിർമ്മാണത്തിനായി പൊളിച്ച് നീക്കേണ്ട 2492 കെട്ടിടങ്ങൾ ഉണ്ട്. പ്രസ്തുത കെട്ടിടങ്ങൾ, താമസസ്ഥലങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവയാണ്. |
| സി) പ്രസ്തുത കെട്ടിട ഉടമകൾക്ക് ഇത് സംബന്ധിച്ച അറിയിപ്പുകൾ നൽകിയിട്ടുണ്ടോ എന്നും ഇവർക്ക് നല്കാനുള്ള നഷ്ടപരിഹാരതുക എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും നഷ്ട പരിഹാരത്തുക ആകെ എത്രയാണെന്നും എത്ര കെട്ടിടങ്ങൾ ഇതിനകം പൊളിച്ച് മാറ്റിയെന്നും വ്യക്തമാക്കാമോ; | സി) പ്രസ്തുത കെട്ടിട ഉടമകൾക്ക് ഇത് സംബന്ധിച്ച അറിയിപ്പുകൾ നൽകിയിട്ടുണ്ട്. നാളിതുവരെ 108,48,90,397/-രൂപ 534 ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുകയും 32 വീടുകൾ / കടകൾ പൊളിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിന് തടസ്സങ്ങൾ ഉണ്ടോ എന്നും ഇതുമായി ബന്ധപ്പെട്ട് കോടതിയിലോ മറ്റോ കേസ്സുകൾ നിലവിലുണ്ടോ എന്നും എങ്കിൽ ആരാണ് കേസ്സ് ഫയൽ ചെയ്തതെന്നും വ്യക്തമാക്കാമോ; നാലുവരിപ്പാത നിർമ്മാണം | ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിന് തടസ്സങ്ങൾ ഇല്ല. എന്നാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ.രാജഗോപാൽ ശർമ്മയുടെ ഒരു കേസും ശ്രീ.സി.എ.മഹ്മൂദ്, ബി.അബ്ബാസ് എന്നിവരുടെ രണ്ട് പരാതികളും നിലവിലുണ്ട്. കി.മീ.17/200 |

| | | | |
|---|---|---|---|
| | എപ്പോൾ തുടങ്ങുമെന്നും പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ; | | മുതൽ 57/200 വരെയും, 57/200 മുതൽ 95/650 വരെയുമുള്ള ഭാഗങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഈ മേഖലയിലെ നീലേശ്വരം ROB യുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. |
| ഇ) | സംസ്ഥാനത്താകെ നാലുവരിപ്പാത നിർമ്മാണത്തിന് എത്ര തുകയാണ് ചെലവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഈ തുക കേന്ദ്രമാണോ നൽകുന്നതെന്നും ഇതിനകം എത്ര തുക കേന്ദ്രം നല്കിയെന്നും എത്ര തുക സംസ്ഥാന സർക്കാർ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | ഇ) | ദേശീയപാത 66 നാലു വരിപ്പാതയായി നിർമ്മിക്കുന്നതിന് ആവശ്യമായ തുക ജില്ല തിരിച്ചുള്ളത് അനുബന്ധമായി ചേർക്കുന്നു. ദേശീയപാത അതോറിറ്റി വഴിയാണ് ഇതിനുള്ള തുക നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | | |
|---|---|---|
| കാസറഗോഡ് ജില്ല | - | 169560 ലക്ഷം രൂപ |
| കണ്ണൂർ ജില്ല | - | 275672 ലക്ഷം രൂപ |
| കോഴിക്കോട് ജില്ല | - | 110405 ലക്ഷം രൂപ |
| മലപ്പുറം ജില്ല | - | 149140 ലക്ഷം രൂപ |

**തൃശ്ശൂർ ജില്ല :**

ദേശീയപാത 66 ൽ കടിക്കാട് മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് വിശദമായ പദ്ധതി രൂപ രേഖ പ്രകാരം 2235.1കോടി രൂപയാണ്.

**എറണാകുളം ജില്ല:**

ദേശീയപാത 66 ൽ കോട്ടപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് വിശദമായ പദ്ധതി രൂപ രേഖ പ്രകാരം 937.3കോടി രൂപയാണ്.

തൃശ്ശൂർ ജില്ല
തൃശ്ശൂർ മുതൽ കറുകുറ്റി വരെ
എറണാകുളം ജില്ല
കറുകുറ്റി മുതൽ ഇടപ്പള്ളി വരെ
} 721 കോടിരൂപ

പദ്ധതി നൽകിയിരിക്കുന്നത് കൺസെഷൻ എഗ്രിമെന്റ് (Concession Agreement) വഴി ആയതിനാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന തുകയിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ / സെൻട്രൽ ഗവൺമെന്റിന്റെ വിഹിതം ഒന്നും തന്നെ ഇല്ല.

ദേശീയപാത 544 ന്റെ തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള 39.64 കി മീ, അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള 25.3 കി മീ ഭാഗവും 2011-2012 ൽ പൂർത്തിയാക്കിട്ടുള്ളതാണ്.

**പാലക്കാട് ജില്ല:**

ദേശീയപാത 544 ൽ വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള 53.495 കി.മീ ഭാഗം ഒക്ടോബർ 2015-2016 നാലുവരിപ്പാതയായി വികസിപ്പിച്ചിരുന്നു. പദ്ധതി കൺസെഷൻ എഗ്രിമെന്റ് (Concession Agreement) വഴിയാണ് പൂർത്തിയാക്കിട്ടുള്ളത്. ആയതിനായി 900.51 കോടി രൂപ ചെലവായിട്ടുണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ